**ഭരണ ഭാഷ – മാതൃഭാഷ**

നമ്പർ: എച്ച് (4)/16805/2015/ഡിപിഐ

പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി: 22/08/2016

പ്രേഷിതാവ്

പൊതു വിദ്യാഭ്യാസ ഡയറക്ടർ
തിരുവനന്തപുരം.

സ്വീകർത്താവ്

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും

സർ,

വിഷയം:- പൊതു വിദ്യാഭ്യാസം - വിദ്യാഭ്യാസ അവകാശ നിയമം 2009 - പാർട് ടൈം ഇൻസ്ട്രക്ടർമാരുടെ നിയമനം - അടിസ്ഥാന വിവരശേഖരണം സംബന്ധിച്ച്.

സൂചന:- 6.8.2016 ലെ സർക്കാർ കത്ത് നമ്പർ. 6309/കെ1/2016/പൊ.വി.വ.

*****

ഇതോടൊപ്പമുള്ള 4 മാതൃകാഫോറങ്ങൾ കാണുക. പാർട് ടൈം ഇൻസ്ട്രക്ടർമാരുടെ നിയമനത്തോടനുബന്ധിച്ചുള്ള അടിസ്ഥാന വിവരശേഖരണത്തിനുള്ള ഫോറങ്ങളാണിവ. ഇതു സംബന്ധിച്ച് താഴെപ്പറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കുക.

1) <u>Form No.1 – Details of Govt U.P Schools having more than 100 students</u>.

എ.ഇ.ഒ തലത്തിൽ പൂരിപ്പിക്കേണ്ട ഫോറമാണിത്. 5 മുതൽ 7 വരെ ക്ലാസ്സുകളിൽ ആകെ 100 ൽ കൂടുതൽ കുട്ടികൾ ഉള്ള സർക്കാർ വിദ്യാലയങ്ങളുടെ വിവരങ്ങളാണ് ഇതിൽ ചേർക്കേണ്ടത്. (1 മുതൽ 7 വരെ ക്ലാസ്സുകളുള്ള സ്കൂളുകളിലെ യു.പി വിഭാഗത്തിലെ വിവരങ്ങളും ഇതിൽതന്നെ രേഖപ്പെടുത്തണം. ഇത്തരം വിദ്യാലയങ്ങളുടെ കാര്യത്തിൽ യു.പി വിഭാഗത്തിലെ കുട്ടികളുടെ എണ്ണമാണ് 4-ാം കോളത്തിൽ എഴുതേണ്ടത്)

2) <u>Form No.2 – Details of Govt L.P Schools having more than 150 students</u>.

ഇതും എ.ഇ.ഒ തലത്തിൽ പൂരിപ്പിക്കേണ്ട ഫോറമാണ്. 1 മുതൽ 4 വരെ ക്ലാസ്സുകളുള്ള സർക്കാർ വിദ്യാലയങ്ങളുടെ വിവരങ്ങളാണ് ഇതിൽ ചേർക്കേണ്ടത്.

3) <u>Form No.3 – Details of U.P Sections having more than 100 students functioning in Government High Schools.</u>

ഇത് ഡി.ഇ.ഒ തലത്തിൽ പൂരിപ്പിക്കേണ്ടതാണ്. ഗവൺമെന്റ് ഹൈസ്കൂളുകളിലെ യു.പി വിഭാഗത്തിൽ 100 ൽ കൂടുതൽ കുട്ടികളുണ്ടെങ്കിൽ അത്തരം വിഭാഗത്തിന്റെ വിവരങ്ങളാണ് ഇതിൽ രേഖപ്പെടുത്തേണ്ടത്. 4 മുതൽ 6 വരെ കോളങ്ങളിൽ <u>പ്രസ്തുത യു.പി. വിഭാഗവുമായി ബന്ധപ്പെട്ട വിവരങ്ങളാണ് എഴുതേണ്ടത്.</u>

4) **Form No.4 – Details of Specialist Teachers thrown out from Govt and Aided schools during the year 2015-16.**

ഇത് എ.ഇ.ഒ, ഡി.ഇ.ഒ തലങ്ങളിൽ പൂരിപ്പിക്കേണ്ടതാണ്. സർക്കാർ സ്കൂളുകളിൽ നിന്നും എയ്ഡഡ് സ്കൂളുകളിൽ നിന്നും 2015-16 വർഷം തസ്തിക നഷ്ടമായ സ്പെഷ്യലിസ്റ്റ് അധ്യാപകരുടെ വിവരങ്ങളാണ് ഇതിൽ ചേർക്കേണ്ടത്. ഈ ഫോറം പൂരിപ്പിക്കുമ്പോൾ ഗവൺമെന്റ് സ്കൂളുകളുടെ വിവരങ്ങൾ എഴുതിക്കഴിഞ്ഞതിനുശേഷം അതേ ഫോറത്തിൽതന്നെ വീണ്ടും ക്രമനമ്പർ 1 മുതൽ നൽകി വേണം എയ്ഡഡ് സ്കൂളുകളുടെ വിവരങ്ങൾ എഴുതേണ്ടത്. ഇവ രണ്ടും ഇടകലർത്തി എഴുതരുത്. (പ്രത്യേകം ശ്രദ്ധിക്കുക: 1 മുതൽ 3 വരെ ഫോറങ്ങളിൽ സർക്കാർ സ്കൂളുകളുടെ മാത്രം വിവരങ്ങളാണ് രേഖപ്പെടുത്തേണ്ടത്)

5. നൽകിയിരിക്കുന്ന എക്സൽ ഫോർമാറ്റിന് ഒരു മാറ്റവും വരുത്താതെ ആഗസ്റ്റ് 22 മുതൽ 25 വരെയുള്ള കാലയളവിൽ ഫോറങ്ങളിൽ വിവരങ്ങൾ എന്റർ ചെയ്യണം. എന്നാൽ ഈ തീയതികളിൽ ഇവ ഡയറക്ടറേറ്റിലേക്ക് അയക്കരുത്. 26.08.2016 ന് രാവിലെ 10 മുതൽ ഉച്ചയ്ക്ക് 2 മണിവരെയുള്ള സമയത്തുമാത്രമേ പൂരിപ്പിച്ച ഫോർമാറ്റുകൾ ഡയറക്ടറേറ്റിലേക്ക് ഇമെയിൽ വഴി അയക്കാവൂ (dpisecretsection@gmail.com). 163 എ.ഇ.ഒ കളിലേയും, 41 ഡി.ഇ.ഒ കളിലെയും 4 ഫോർമാറ്റുകൾ വേർതിരിച്ച് ക്രോഡീകരിക്കുന്നതിന് ഈ സമയത്ത് പ്രത്യേക സംവിധാനം ഒരുക്കുന്നതിനാലാണ് പ്രത്യേക സമയക്രമം നിഷ്കർഷിക്കുന്നത്. ഈ സമയത്തല്ലാതെ അതിനുമുമ്പോ, പിമ്പോ ഫോറങ്ങൾ അയക്കാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കുക.

26.08.2016 നു തന്നെ പൂരിപ്പിച്ച 4 ഫോറങ്ങളുടെയും എ.ഇ.ഒ/ഡി.ഇ.ഒ ഒപ്പിട്ട ഹാർഡ് കോപ്പി ബന്ധപ്പെട്ട ഡി.ഡി ഓഫീസിൽ എത്തിക്കണം. ഇവയെല്ലാം ശേഖരിച്ച് എണ്ണം കൃത്യമാണെന്ന് ഉറപ്പുവരുത്തി അവ 27/08/2016 നു ഉച്ചയ്ക്കുമുമ്പ് പ്രത്യേക ദൂതൻവഴി ഡയറക്ടറേറ്റിലെ "എച്ച്" സെക്ഷനിൽ എത്തിക്കേണ്ട ഉത്തരവാദിത്തം മാത്രമേ ഈ വിഷയത്തിൽ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്ക് നൽകുന്നുള്ളൂ. പുനർവിന്യാസം സംബന്ധിച്ച ജോലിത്തിരക്കുകൾ മനസ്സിലാക്കിത്തന്നെയാണ് ഇപ്രകാരം ചെയ്യുന്നത്. പുനർവിന്യാസപ്രവർത്തനങ്ങളുമായി നേരിട്ട് ബന്ധമില്ലാത്ത ഒരു ജീവനക്കാരനെ ഫോറങ്ങൾ ശേഖരിച്ച് ഡയറക്ടറേറ്റിൽ എത്തിക്കാൻ ചതുമതലപ്പെടുത്തിയാൽ മതിയാകും.

ഏതെങ്കിലും ഫോറത്തിൽ എ.ഇ.ഒ/ഡി.ഇ.ഒ യ്ക്ക് ഒരു വിവരവും രേഖപ്പെടുത്താനില്ലെങ്കിൽ അതിൽ വലിയ അക്ഷരത്തിൽ "NIL"എന്ന് രേഖപ്പെടുത്തിയിരിക്കണം.

പ്രത്യേകം ശ്രദ്ധിക്കുക: 27/8/2016 വൈകീട്ട് 5 മണിക്ക് ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രിക്ക് ക്രോഡീകരിച്ച് സമർപ്പിക്കാനുള്ളതാണ് ഈ ഫോറങ്ങളിലെ വിവരങ്ങൾ. ആയതിനാൽ നിർദേശിച്ചിരിക്കുന്ന സമയക്രമത്തിൽ അണുവിട മാറ്റം വരരുത്. എക്സൽ ഫോർമാറ്റിലും മാറ്റം അരുത്.

ഫോറങ്ങളുടെ ഒപ്പിട്ട ഹാർഡ്കോപ്പികൾ, കടലാസ് മടക്കാതെ എ4 വലുപ്പമുള്ള കവറിൽതന്നെ ഡി.ഡി ഓഫീസിലേക്കും അവിടെ നിന്ന് ഡയറക്ടറേറ്റിലേക്കും നൽകുക. ഇവ ബയന്റ് ചെയ്ത് സൂക്ഷിക്കാനുള്ളതാണ്.

നിർദ്ദിഷ്ട സമയക്രമം കർശനമായും പാലിക്കണമെന്ന് ഒരിക്കൽ കൂടി ഓർമ്മപ്പെടുത്തിക്കൊണ്ട്,

വിശ്വസ്തതയോടെ

**ജെസ്സി ജോസഫ്**

പൊതു വിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ (ജനറൽ)

പകർപ്പ്,

എക്സിക്യൂട്ടീവ് ഡയറക്ടർ,
ഐടി@ സ്കൂൾ, തിരുവനന്തപുരം (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)